**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1916** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഹജ്ജ് തീർത്ഥാടകർ നേരിടുന്ന ചൂഷണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ മുഖേന ഹജ്ജിന് പോകുന്ന തീർത്ഥാടകരിൽ ഭൂരിപക്ഷവും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാവാതെ ചൂഷണം ചെയ്യപ്പെടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഹജ്ജ് കമ്മിറ്റി നിയോഗിക്കുന്ന വാളണ്ടിയർമാർക്ക് സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളിലൂടെയെത്തുന്ന ഹാജിമാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധ ചെലുത്താനുതകുന്ന രീതിയിൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; | (ബി) | ഹജ്ജ് കമ്മിറ്റി നിയോഗിക്കുന്ന വാളണ്ടിയർമാർക്ക് സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളിലൂടെയെത്തുന്ന ഹാജിമാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിൽ നിലവിൽ സംവിധാനമില്ല, എന്നിരുന്നാലും ഈ വിഷയത്തിലും സ്വകാര്യ ടൂർ ഓപ്പറേറ്റർമാർക്കെതിരെയുള്ള പരാതികളിൻമേൽ നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങളുടെ പ്രായോഗിക വശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.<br><br>ഇതുമായി ബന്ധപ്പെട്ട് ലഭ്യമായിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര ഹജ്ജ് കമ്മിറ്റി സി.ഇ.ഒ -യോട് ആവശ്യപ്പെടുകയും, ഇത്തരം പ്രവണതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രിയുമായുള്ള 18.08.2022-ലെ കൂടികാഴ്ചയിൽ നേരിട്ട് അഭ്യർത്ഥിക്കുകയും, കൂടാതെ കൂടുതൽ പേർക്ക് സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ സംവിധാനത്തിൽ ഹജ്ജ് ചെയ്തു മടങ്ങാൻ, ഹജ്ജിനുള്ള ഗവൺമെന്റ് ക്വാട്ട ആനുപാതികമായി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | താമസം, യാത്ര, ഭക്ഷണം തുടങ്ങിയ കാര്യങ്ങളിൽ വാഗ്ദാനങ്ങൾ പാലിക്കാത്ത ടൂർ ഓപ്പറേറ്റർമാരെ | (സി) | ഹജ്ജ് കമ്മിറ്റി നിയോഗിക്കുന്ന വാളണ്ടിയർമാർക്ക് സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളിലൂടെയെത്തുന്ന |

| | | | |
|---|---|---|---|
| | നിയന്ത്രിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | | ഹാജിമാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിൽ നിലവിൽ സംവിധാനമില്ല, എന്നിരുന്നാലും ഈ വിഷയത്തിലും സ്വകാര്യ ടൂർ ഓപ്പറേറ്റർമാർക്കെതിരെയുള്ള പരാതികളിൻമേൽ നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങളുടെ പ്രായോഗിക വശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.<br><br>ഇതുമായി ബന്ധപ്പെട്ട് ലഭ്യമായിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര ഹജ്ജ് കമ്മിറ്റി സി.ഇ.ഒ - യോട് ആവശ്യപ്പെടുകയും, ഇത്തരം പ്രവണതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രിയുമായുള്ള 18.08.2022-ലെ കൂടികാഴ്ചയിൽ നേരിട്ട് അഭ്യർത്ഥിക്കുകയും, കൂടാതെ കൂടുതൽ പേർക്ക് സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ സംവിധാനത്തിൽ ഹജ്ജ് ചെയ്യു മടങ്ങാൻ, ഹജ്ജിനുള്ള ഗവൺമെന്റ് ക്വാട്ട ആനുപാതികമായി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ ഹജ്ജ് യാത്രയ്ക്ക് ഈടാക്കുന്ന തുക അമിതമാണെന്ന ആക്ഷേപം പരിശോധിച്ച് ഇക്കാര്യത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഹജ്ജ് കമ്മിറ്റി നിയോഗിക്കുന്ന വാളണ്ടിയർമാർക്ക് സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളിലൂടെയെത്തുന്ന ഹാജിമാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിൽ നിലവിൽ സംവിധാനമില്ല, എന്നിരുന്നാലും ഈ വിഷയത്തിലും സ്വകാര്യ ടൂർ ഓപ്പറേറ്റർമാർക്കെതിരെയുള്ള പരാതികളിൻമേൽ നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങളുടെ പ്രായോഗിക വശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.<br><br>ഇതുമായി ബന്ധപ്പെട്ട് ലഭ്യമായിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര ഹജ്ജ് കമ്മിറ്റി സി.ഇ.ഒ - യോട് ആവശ്യപ്പെടുകയും, ഇത്തരം പ്രവണതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രിയുമായുള്ള 18.08.2022-ലെ കൂടികാഴ്ചയിൽ നേരിട്ട് അഭ്യർത്ഥിക്കുകയും, കൂടാതെ കൂടുതൽ പേർക്ക് സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ സംവിധാനത്തിൽ ഹജ്ജ് ചെയ്യു മടങ്ങാൻ, ഹജ്ജിനുള്ള ഗവൺമെന്റ് ക്വാട്ട ആനുപാതികമായി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ